**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4826 05/02/2014-ൽ മറുപടിയ്ക്ക്

## മരച്ചീനികൃഷി വ്യാപകമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | **ശ്രീ . കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര ഏക്കറിൽ മരച്ചീനി കൃഷി ചെയ്യുന്നുണ്ട് ; | എ) | 186245 ഏക്കറിൽ |
| ബി) | ആയതിന്റെ ഒരു വർഷത്തെ മൊത്തം ഉൽപ്പാദനം എത്ര കിന്റൽ ആണ്; | ബി) | 25473990 കിന്റൽ |
| സി) | മരച്ചീനി കൂടുതൽ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ ? | സി) | കിഴങ്ങു വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകരിൽ എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള സർക്കാർ കൃഷി വകുപ്പിലൂടെ കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ സ്ഥാപനത്തിന് 2013-14 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൊല്ലം, കാസർഗോഡ്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ഇതിന്റെ പ്രവർത്തനം നടന്നുവരികയാണ്. അധികമായി ഉൽപാദിപ്പിക്കുന്ന മരച്ചീനി, ചെറുകിട സംരംഭകർക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനു വേണ്ടി കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ സ്ഥാപനത്തിൽ ഒരു ടെക്നോ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി കേരള സർക്കാർ കൃഷി വകുപ്പിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം ഒരു കോടി രൂപ നൽകുകയുണ്ടായി. ഈ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു.<br><br>കൂടാതെ തരിശു രഹിത പഞ്ചായത്ത് എന്ന പദ്ധതി പ്രകാരം 934 ഹെക്ടർ സ്ഥലത്ത് വാഴ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനായി 347.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>2014-15 ൽ 100.00 ലക്ഷം രൂപ ചെലവഴിച്ച് കിഴങ്ങുവർഗ്ഗ വിളകൾ, പയർവർഗ്ഗങ്ങൾ എന്നിവയുടെ വികസനവും ലക്ഷ്യമിട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**